ഉത്തരം.

(എ, ബി) പഞ്ചായത്തുകളെ വില്ലേജടിസ്ഥാനത്തിൽ വിഭജിക്കാൻ തൽക്കാലം ഉദ്ദേശമില്ല. എന്നാൽ സംസ്ഥാനത്തെ ചില വലിയ പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. അന്തിമതീരുമാനം എടുത്തിട്ടില്ല.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ജനറൽ കൗൺസിൽ യോഗം

29. [3135] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ജനറൽ കൗൺസിൽ യോഗം വർഷത്തിൽ എത്ര തവണ കൂടണമെന്നാണ് വ്യവസ്ഥ ;

(ബി) 1992-93 വർഷത്തിൽ ജനറൽ കൗൺസിൽ യോഗം കൂടുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ ;

(സി) വീഴ്ച വന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം.

(എ) മൂന്നു തവണ.

(ബി) 1992-93-ൽ ജനറൽ കൗൺസിൽ മീറ്റിംഗിന്റെ ഒരു യോഗം ചേർന്നിട്ടുണ്ട്.

(സി) വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും ബഡ്ജറ്റും പരിഗണിക്കുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടി വാർഷിക പൊതുയോഗം കൂടിയ സാഹചര്യത്തിലും മറ്റു പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യേണ്ട സാഹചര്യം ഇല്ലാതിരുന്നതിനാലും ഇൻസ്റ്റിറ്റ്യൂട്ടിനു ഒരു ഫുൾടൈം ഡയറക്ടർ ഇല്ലാതിരുന്നതിനാലും ഒന്നിലധികം യോഗങ്ങൾ കൂടാൻ കഴിഞ്ഞില്ല. ഇതുമൂലം ഭരണപരമായ വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല.

അഴിയൂർ പഞ്ചായത്ത് പാട്ടത്തിന് നൽകിയ ഭൂമി

30. [3136] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് അഴിയൂർ പഞ്ചായത്തിന്റെ വടകര ചോമ്പാൽ ദേശത്തെ റി.സ. 28/1-ൽ 145 സെന്റ് സ്ഥലം എപ്പോഴെങ്കിലും ഏതെങ്കിലും വ്യക്തിക്ക് ലീസിന് നൽകിയിട്ടുണ്ടായിരുന്നോ ; എങ്കിൽ എപ്പോൾ, എത്ര കാലത്തേക്ക്, ലീസിന്റെ കാലാവധി അവസാനിച്ചതെന്നാണ് ;

(ബി) പഞ്ചായത്ത് പ്രസ്തുത സ്ഥലം മറ്റെന്തെങ്കിലും ആവശ്യത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താവശ്യത്തിന് ;

(സി) ബാക്കി സ്ഥലം ഉണ്ടെങ്കിൽ അത് ഏത് ആവശ്യത്തിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച തർക്കം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly